**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

നം.ഇ.എം.1/124/ 2015/തസ്വഭവ                                  തിരുവനന്തപുരം, തീയതി: 24.05.2016

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വിഷയങ്ങളിൽ പ്രോപ്പോസലുകൾ സർക്കാരിൽ നേരിട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ നടപടി ആവശ്യമായുള്ള വിവിധ വിഷയങ്ങളിലുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് പകരം, ഇവ വകുപ്പ് മേധാവിയുടെ പരിശോധനയില്ലാതെ തന്നെ സർക്കാരിലേക്ക് നേരിട്ട് സമർപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇങ്ങനെ സർക്കാരിലേക്ക് സമർപ്പിക്കുന്ന പ്രോപ്പോസലിൽ ഉചിതമായ നിർദ്ദേശങ്ങളും, മേധാവികളുടെ പരിശോധനയും ഇല്ലാത്തതിനാൽ, ഇത്തരം പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുകയും, തൻമൂലം ഇവയ്ക്ക് കാലതാമസം നേരിടാൻ കാരണമാവുകയും ചെയ്യുന്നുണ്ട്. ആയതിനാൽ പ്രൊപ്പോസലുകളുടെ ശരിയായ പരിശോധനയ്ക്കും, കാലതാമസം ഒഴിവാക്കുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സർക്കാരിന്റെ പരിഗണന ആവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ, ബന്ധപ്പെട്ട വകുപ്പ തലവന്മാർ മുഖേന സമർപ്പിക്കേണ്ടതാണ്.

(2) ഇങ്ങനെ സർക്കാരിലേക്ക്, സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ നിലവിലുള്ള നിയമങ്ങളും കീഴ്വഴക്കങ്ങളും ഉൾപ്പെടെയുള്ള വ്യക്തമായ ശുപാർശകൾ സഹിതമാണ് സമർപ്പിക്കുന്നതെന്ന് ബന്ധപ്പെട്ട വകുപ്പ് തലവന്മാർ ഉറപ്പ് വരുത്തേണ്ടതാണ്.

**പി.ഐ.ഷെയ്ക്ക് പരീത്**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും /കോർപ്പറേഷൻ മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ